# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 20 2018

ശബരിമല പത്രക്കുറിപ്പ്-1



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ഇലയനങ്ങില്ല ഇവരറിയാതെ ; നിതാന്ത ജാഗ്രതയിൽ പൊലീസ് ബോംബ് സ്ക്വാഡ്

സന്നിധാനത്തെ ഇല പോലും പൊലീസ് ബോംബ് സ്ക്വാഡ് അറിയാതെ അനങ്ങില്ല. വിദേശ നിർമിതവും അത്യാധുനികവുമായ ഉപകരണങ്ങളുമായി ഇരുപത്തിനാല് മണിക്കൂറും ഇവർ നിതാന്ത ജാഗ്രതിയിലായിരിക്കും . ഡി വൈ എസ് പി അനിൽ ദാസിന്റെ നേതൃത്വത്തിൽ 130 പേരടങ്ങുന്ന സ്ക്വാഡുകളാണ് സന്നിധാനത്ത് വിന്യസിച്ചിട്ടുള്ളത്.

ര ര മീറ്റർ താഴ്ചയിൽ പോലും കുഴിച്ചിട്ടിരിക്കുന്ന മൈനുകൾ ക െ ത്താൻ കഴിയുന്ന മൈൻസ്വീപ്പറും മറ്റ് അനേകം ഉപകരണങ്ങളും ഇവരുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നു. മൈൻസ്വീപ്പർ അമേരിക്കൻ നിർമിതമാണ്. അരക്കോടിയോളം വിലവരുന്ന ഈ ഉപകരണത്തിന്റെ സഹായത്തോടെ എവിടെ മൈൻ കുഴിച്ചിട്ടാലും കെ ത്താൻ കഴിയും. വിദേശ നിർമിതമായ എക്സ്പ്ലോസീവ് ഡിറ്റക്ടർ ആകട്ടെ സ്ഫോടക വസ്തുക്കൾ കെ ത്താൻ മിടുക്കനാണ്. ഇത് സ്ഫോടക വസ്തുവിൽ നിന്ന് വരുന്ന ഗന്ധം തിരിച്ചറിയുകയും ഏത് രാസപദാർഥമാണ് അതിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന് കൃത്യമായി വിവരം നൽകുകയും ചെയ്യും. കൂടാതെ സ്ഫോടക വസ്തുവിലേക്ക് ഏതെങ്കിലും വൈദ്യുത സർക്ക്യൂട്ട് നൽകുന്നത് ക ുപിടിക്കാനുള്ള എൻ എൽ ജെ ഡിയും സ്ക്വാഡിന് സ്വന്തം. സംശയം തോന്നുന്നവരെ

പരിശോധിക്കാൻ കൈകൊ ് പരിശോധിക്കാവുന്ന ഏറ്റവും ആധുനികമായ 35 മെറ്റൽ ഡിക് ടക്റ്ററുകളും (എച്ച് എച്ച് എം ഡി) സ്ക്വാഡിന്റെ കൈവശ മു ്. നിലവിലുള്ള 40 എച്ച് എച്ച് എം ഡിക്ക് പുറമേയാണിത്.

മൂന്ന് ടേണുകളിലായി ബോംബ് സ്ക്വാഡ് സന്നിധാവും പിരസരവും ഇ ഞ്ചോടിഞ്ച് പരിശോധിക്കും. സന്നിധാനത്തെ ടീമിന് പുറമേ പമ്പയിലും നില യ്ക്കലുമായി 140 അംഗ സ്ക്വാഡും ഡ്യൂട്ടിയിലു ്. ഇവർക്ക് വാഹനങ്ങൾ പരിശോധിക്കാനുള്ള എക്സ്റ്റെന്റഡ് മിററും പോഡറും അടക്കമുള്ള എല്ലാ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടു ്.

(പി.ആർ. ശബരി-332)

## സന്നിധാനത്ത് അത്യാധുനിക ബാഗേജ് സ്കാനർ ഉടൻ

പൊലീസ് ബോംബ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ര ് വിദേശ നിർമിത ബാഗേജ് സ്കാനറുകൾ ഉടൻ സന്നിധാന പരിസരത്ത് സ്ഥാപിക്കും. വടക്കേനടയിലും വാവര് നടയുടെ സമീപത്തുമായാണ് സ്കാനറുകൾ സ്ഥാ പിക്കുക. ഒരു കോടി രൂപയിൽ അധികം വിലവരുന്ന അത്യാധുനിക സ്കാന റുകളാണ് സ്ഥാപിക്കുന്നത്. ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ ഷെഡു കൾ ദേവസ്വം ബോർഡ് നിർമിച്ചു വരുന്നു. ഈ മാസം 25 ന് മുൻപായി ഷെ ഡുകൾ നിർമിച്ച് പൊലീസ് വകുപ്പിന് കൈമാറും. സിവിൽ ദർശനത്തിന് എ ത്തുന്ന അയ്യപ്പൻമാരുടെ ബാഗുകൾ പരിശോധിക്കുന്നതിനാണ് വടക്കേ നട യിൽ സ്കാനർ വയ്ക്കുന്നത്. പുൽമേട് വഴിയെത്തുന്ന അയ്യപ്പൻമാരുടെ ബാ ഗുകൾ വാവര് നടയിലുമായി പരിശോധിക്കുന്ന രീതിയിലാണ് ക്രമീകരണം നടത്തിയിട്ടുള്ളത്. വാവര് നടയുടെ സമീപത്തായി സ്ഥാപിക്കുക താത്കാലി ക ഷെഡായിരിക്കും. തിരക്കുള്ളപ്പോൾ മാത്രം സ്ഥാപിക്കുകയും ആവശ്യം കഴിയുമ്പോൾ മാറ്റുകയും ചെയ്യുന്ന രീതിയിൽ ആയിരിക്കും ഇവിടുത്തെ ഷെഡ് നിർമാണം. സ്കാനർ മെഷീനുകൾ എല്ലാം തിരുവനന്തപുരത്ത് ഇതി നോടകം എത്തിയിട്ടു ്. ഷെഡ് നിർമാണം പൂർത്തിയായാൽ ഉടൻ സ്കാന റുകൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങും. പമ്പവഴിയെത്തുന്ന അയ്യപ്പൻമാരു ടെ ബാഗുകൾ പരിശോധിക്കാൻ നിലവിൽ വലിയ നടപ്പന്തലിൽ ഒരു ബാഗേ ജ് സ്കാൻ പ്രവർത്തിച്ചു വരുന്നു ്.

സന്നിധാനത്തെ സ്കാനറുകൾക്ക് പുറമേ പമ്പയിലും പുതിയതായി ഒരു ബാഗേജ് സ്കാൻ സ്ഥാപിക്കും. ഇതിന് ആവശ്യമായ ഷെഡ് ഫോറസ്റ്റ് വകുപ്പാണ് നിർമിച്ച് നൽകുക. അഞ്ച് മീറ്റർ നീളവും ര മുക്കാൽ മീറ്റർ വീതിയും ഉള്ള ഷെഡാണ് സ്കാനർ വയ്ക്കുന്നതിന് ആവശ്യമായിട്ടുള്ളത്. സീസൺ കഴിഞ്ഞാലും സ്കാനറുകൾ പരിപാലിക്കാൻ പ്രത്യേക സംവിധാ നവും ഒരുക്കിയിട്ടു ്. മുൻപ് ദേവസ്വം ബോർഡ് വാങ്ങി നൽകിയ സ്കാനർ പത്ത് വർഷത്തെ നിരന്തര ഉപയോഗത്തെ തുടർന്ന് പൂർണമായും ഉപയോഗ ശൂന്യമായതിനെ തുടർന്നാണ് പൊലീസ് വകുപ്പ് പുതിയ സ്കാനറുകൾ വാങ്ങി സ്ഥാപിക്കുന്നതെന്ന് സ്റ്റോർ ഇൻചാർജ് വി ഹരികുമാർ പറഞ്ഞു.

(പി.ആർ. ശബരി-333)

## ഒരു ഇഡ്ഢലിക്ക് 5000 രൂപ !

അയ്യപ്പൻമാരിൽ നിന്നും ഒരു ഇഡ്ഢലിയുടെ വില അധികമായി വാങ്ങിയതിന് ലീഗൽ മെട്രോളജി 5000 രൂപ പിഴ അടിച്ചു. നിലയ്ക്കലിലെ ഹോട്ടലിലാണ് ലീഗൽ മെട്രോളജിയുടെ പിടിവീണത്. മറ്റൊരു സ്ഥാപനത്തിൽ ബീഡിയും സിഗരറ്റും വിറ്റതിന് എക്സൈസ് മുഖേന 2500 രൂപ പിഴ ഈടാക്കി. നിലയ്ക്കൽ ഡ്യൂട്ടി മജിസ്ട്രേറ്റ് പ്രതാപന്റെ നേതൃത്വത്തിലുള്ള സ്ക്വാഡിന്റെ പരിശോധനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്. സാധാരണക്കാരുടെ വേഷത്തിൽ കടകളിലെത്തിയാണ് നടത്തുന്ന പരിശോധന നടത്തുന്നത്. ഹെൽത്ത് സ്ക്വാഡ് അടക്കം വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ സ്ക്വാഡിന്റെ ഭാഗമാണ്. വരും ദിവസങ്ങളിൽ പരിശോധന കൂടുതൽ ശ്ക്തമാക്കുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു.

(പി.ആർ. ശബരി-334)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(20.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 20 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## ശബരിമലയിൽ തീർഥാടകരുടെ എണ്ണത്തിൽ കുറവു ായിട്ടില്ല : ദേവസ്വം പ്രസിഡന്റ് എ പത്മകുമാർ

ശബരിമലയിൽ എത്തുന്ന തീർഥാടകരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെന്ന് തിരുവിതാംകൂർ ദേവസ്വം പ്രസിഡന്റ് എ പത്മകുമാർ പറഞ്ഞു. 17 ന് 93,000 പേരും 18 ന് 83, 000 പേരും ദർശനത്തിനെത്തി. ഇത് കാണിക്കുന്നത് അയ്യപ്പൻമാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെന്നാണെന്നും അദ്ദേഹം പറഞ്ഞു. ഉദ്യോഗസ്ഥതല അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

23 ന് രാവിലെ 7ന് തങ്കഅങ്കി ഘോഷയാത്ര ആറൻമുള ക്ഷേത്രത്തിൽ നിന്നും പറപ്പെടും. 27ന് ഉച്ചക്ക് 12 ന് നടക്കുന്ന മണ്ഡലപൂജയക്കും ആവശ്യമായ ക്രമീകരണങ്ങൾ നടന്നു വരുന്നു.

ശബരിമലയിൽ ഭക്തരെ ചൂഷണം ചെയ്യാൻ ആരെയും അനുവദിക്കില്ല. നെയ്യഭിഷേകത്തിനും മറ്റുമായി അയ്യപ്പൻമാരുടെ പണം തട്ടെയുടുക്കാൻ ശ്രമിക്കുന്ന സംഘത്തെക്കുറിച്ച് വിവരം ലഭിച്ചിട്ടു ്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ പൊലീസിനെയും വിജിലൻസിനെയും ചുമതലപ്പെടുത്തിയിട്ടു െ ന്നും അദ്ദേഹം പറഞ്ഞു. ശബരിമലയിൽ നിലവിൽ നടപ്പിലാക്കിവരുന്ന

ക്രമീകരണങ്ങൾ ഭക്തർക്ക് ഗുണപ്രദമാണ്. തിക്കും തിരക്കും നിയന്ത്രിക്കുന്നതിനും സുഗമമായ ദർശനത്തിനും നിലവിലെ ക്രമീകരണങ്ങൾ ഉപകാരപ്പെട്ടിട്ടുെ ന്നും അദ്ദേഹം പറഞ്ഞു.

നീരാഞ്ജനവും പറയെടുപ്പും പോലുള്ള ആചാരങ്ങൾ സന്നിധാനത്ത് നടത്തുന്നതിന് കൂടുതൽ സംവിധാനങ്ങൾ ഒരുക്കും. ഭക്തർക്ക് ഭീഷണിയായ പന്നിക്കൂട്ടങ്ങളെ വേലിക്കെട്ട് തിരിച്ച് പ്രത്യേക സ്ഥലങ്ങളിലേക്ക് മാറ്റുന്നതിന് പദ്ധതിതയ്യാറാക്കാൻ വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടു ്. വനംവകുപ്പ് അനുകൂലമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്നും പത്മകുമാർ പറഞ്ഞു.

ദേവസ്വം അംഗം അഡ്വ. എൻ വിജയകുമാറും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി-335)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.